**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രഞ്ചിക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.782/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 23/03/2018

---

പരാമർശം:- 1. സ.ഉ(പി) നം.536/2012(116)/ധന തീയതി 29.09.2012

2. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.01.2017, 12.05.2017 എന്നീ തീയതികളിലെ ഇ 1/9325/2012/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

3. സ.ഉ(സാധാ) നം.3584/2017/തസ്വഭവ തീയതി 06.11.2017.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രഞ്ചിക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം നോൺ കേഡർ പ്രൊമോഷൻ 01.02.2011 മുതൽ അനുവദിക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 21.11.1994 പൂർവ്വാഹനത്തിൽ അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീ. രഞ്ചി 20.11.2009 ന് ടി തസ്തികയിൽ 15 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാന് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല. എന്നാൽ ടിയാന് പരാമർശം (3) ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറായി റഗുലർ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രഞ്ചിക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം 01.02.2011 പ്രാബല്യത്തിൽ 36140- 49740 രൂപ ശമ്പള സ്കെയിലിൽ കെ. എസ്. ആർ ഭാഗം I ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി എക്സിക്യൂട്ടീവ് എഞ്ചിനീയറായി നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (3) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറായി റഗുലർ പ്രൊമോഷനെത്തുടർന്നുള്ള ടിയാന്റെ ശമ്പളം കെ.എസ്.ആർ ഭാഗം I ചട്ടം 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത്. വി.പി**

അണ്ടർ സെക്രട്ടറി

1 ശ്രീ. രഞ്ചി, എക്സി. എഞ്ചിനീയർ (*ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന*)

2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (*സേവന പുസ്തകം സഹിതം*)

3 അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ

4 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

5 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

6 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.